**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3658 | 20.06.2019 ൽ മറുപടിക്ക്

## എല്ലാ സർക്കാർ ആശുപത്രികളിലും ദന്തചികിത്സാ വിഭാഗം

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലുമുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ദന്തചികിത്സാ വിഭാഗം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ)<br>&<br>(ബി) | നിലവിൽ സംസ്ഥാനത്തെ 39 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ദന്തചികിത്സാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ദന്തൽ വിഭാഗത്തിൽ സൃഷ്ടിക്കേണ്ട തസ്തികകൾ അടങ്ങിയ ഒരു പാക്കേജ് പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ദന്തഡോക്ടറുടെ അഭാവംമൂലം സാധാരണക്കാരായ രോഗികൾ സ്വകാര്യ ദന്തഡോക്ടർമാരുടെ സേവനം തേടുന്നതിന് നിർബന്ധിതരാകുന്ന സാഹചര്യം പരിശോധിക്കുമോ? | | |

സെക്ഷൻ ഓഫീസർ